# ‘കറുത്ത തമ്പ്രാട്ടി’ എന്ന കഥയെപ്പറ്റി

ഇ. ഹരികുമാര്‍

ദാരിദ്ര്യത്തിന്‍ പാരമ്യത്തില്‍ ജന്മിയുടെ കയ്യില്‍നിന്ന് പണം പലിശയ്ക്കെടുത്തപ്പോള്‍ താമിയ്ക്ക് ഈടായി നല്കേണ്ടി വന്നത് സ്വന്തം ഭാര്യയെയാണ്. മറ്റൊന്നും അയാളുടെ കയ്യിലില്ല. എന്റെ ‘കറുത്ത തമ്പ്രാട്ടി’ എന്ന കഥയുടെ പശ്ചാത്തലമാണിത്. അവള്‍ സുലു എന്ന രണ്ടുവയസ്സുകാരിയുടെ അമ്മ കൂടിയാണ്. കൂലിപ്പണിക്കാരനായ അച്ഛന്‍ രാവിലെ പണിയ്ക്കു പോയാല്‍ അവള്‍ വീട്ടില്‍ ഒറ്റയ്ക്കാണ്.

ഇങ്ങിനെ ഒരു ആശയം എന്റെ മനസ്സില്‍ കയറിയപ്പോള്‍ ഞാന്‍ അത് ഏതു കോണില്‍ക്കൂടിയാണ് കാണേണ്ടത് എന്നാലോചിച്ചു. ഇതില്‍ കാര്യമായി നാലോ അഞ്ചോ കഥാപാത്രങ്ങളാണുള്ളത്. ഓരോരുത്തര്‍ക്കും പ്രാധാന്യം കൊടുക്കേണ്ടതുതന്നെയാണ്. താമി, പണയം വയ്ക്കപ്പെട്ട ഭാര്യ ലക്ഷ്മി, രണ്ടു വയസ്സായ മകള്‍ സുലു, ജന്മി, ജന്മിയുടെ ഭാര്യ..... അങ്ങിനെ പോകുന്നു. ഞാന്‍ സാധാരണ മട്ടില്‍ കഥയുടെ ഗതിയില്‍ അധികം ഇടപെടാതെത്തന്നെ എഴുതിത്തുടങ്ങി. ഞാന്‍ അങ്ങിനെയാണ് ചെയ്യാറ്. വല്ലാതെ ആസൂത്രണം ചെയ്തിട്ടൊന്നും ഒരു കഥയോ നോവലോ എഴുതാന്‍ പറ്റില്ലെന്ന് ഞാന്‍ മനസ്സിലാക്കിയിട്ടുണ്ട്. ആസൂത്രണങ്ങളെല്ലാം കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിനും സാഹചര്യങ്ങള്‍ക്കും അനുസരിച്ച് മാറിപ്പോകുകയാണ് പതിവ്. എഴുതിക്കഴിയുമ്പോഴാണ് മനസ്സിലാവുക, കഥയുടെ നിയന്ത്രണം എന്റെ കയ്യില്‍നിന്ന് വഴിയിലെവിടേയോ നഷ്ടപ്പെട്ടുപോയെന്ന്. ഞാന്‍ എന്റെ കഥയല്ല എഴുതിയിരിക്കുന്നത്, മറിച്ച് അതിലെ കഥാപാത്രങ്ങളുടെ കഥയാണെന്ന്. ആ കഥാപാത്രങ്ങള്‍ എന്റെ ആജ്ഞാനുവര്‍ത്തികളാവാതെ സ്വന്തം വ്യക്തിത്വത്തില്‍ നിലനില്‍ക്കുകയാണെന്ന്. അവരുടെ ഓരോ നീക്കവും അവരുടെ വ്യക്തിസ്വഭാവങ്ങള്‍ക്കും അവര്‍ നേരിടുന്ന സാഹചര്യങ്ങള്‍ക്കനുസരിച്ചുമായിരിക്കും.

‘കറുത്ത തമ്പ്രാട്ടി’ എന്ന കഥയുമതെ, എഴുതിത്തുടങ്ങിയപ്പോള്‍ അതില്‍ പ്രാധാന്യം വന്നത് രണ്ടാം വയസ്സുമുതല്‍ അമ്മ എന്നു വരുമെന്ന അറിവില്ലാതെ വീട്ടില്‍ പകല്‍ മുഴുവന്‍ ഒറ്റയ്ക്ക് കഴിഞ്ഞുകൂടേണ്ട സുലുവിനും ജന്മിയുടെ വീട്ടില്‍ എന്നെങ്കിലും ഭര്‍ത്താവിന്റെയും മകളുടെയും അടുത്തു പോകാന്‍ പറ്റുമോ എന്ന ആശങ്കയുമായി കഴിയുന്ന ലക്ഷ്മിയ്ക്കുമാണ്. ജന്മിയുടെ ഒപ്പമുള്ള രണ്ടു കൊല്ലത്തെ ജീവിതം അവളില്‍ സമ്മിശ്രവികാരങ്ങളാണുണ്ടാക്കിയിരിക്കുന്നത്. എന്നെങ്കിലും ഭര്‍ത്താവ് ജന്മിയ്ക്കു കൊടുക്കാനുള്ള പണം പലിശയോടുകൂടി കൊണ്ടുവന്നു കൊടുക്കും എന്നാലോചിക്കുമ്പോള്‍ അവളില്‍ ഉയരുന്ന വികാരങ്ങള്‍ പലതാണ്.

പ്രൊഫസ്സര്‍ എം. കൃഷ്ണന്‍ നായര്‍ സാര്‍ ഈ കഥയെ അഭിനന്ദിച്ചുകൊണ്ട് സാഹിത്യവാരഫലത്തില്‍ (സമകാലിക മലയാളം 22.9.2000) എഴുതിയപ്പോള്‍ എനിക്ക് സംതൃപ്തി തോന്നി. അറുപതുകളില്‍ മാതൃഭൂമിയിലും മലയാളനാടിലും എഴുതിയിരുന്നപ്പോള്‍ തൊട്ട് എന്റെ കഥകളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങള്‍ ഞാന്‍ ഗൗരവമായി എടുക്കാറുണ്ട്.

ഈ കഥ, ‘കറുത്ത തമ്പ്രാട്ടി’ അതേ പേരില്‍ തൃശ്ശൂര്‍ കറന്റ് ബുക്സ് ഇറക്കുന്ന എന്റെ പുതിയ കഥകളുടെ സമാഹാരത്തിലുണ്ട്.

Vachass Magazine 2005